പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 715

16.7.2012ൽ
മറുപടിയ്ക്ക്

## സപ്ലൈകോയുടെ ഓണച്ചന്ത

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അൻവർ സാദത്ത് ;<br>ശ്രീ. ബെന്നി ബെഹനാൻ ;<br>ശ്രീ. കെ. ശിവദാസൻ നായർ ;<br>ശ്രീ. എം.പി. വിൻസെന്റ് ; | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) ഓണക്കാലത്ത് ഉണ്ടാകുന്ന വിലക്കയറ്റം തടയുന്നതിനായി വിപണി യിൽ ഇടപെടുന്നതിന് സപ്ലൈകോ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;<br><br>ബി) സംസ്ഥാനത്ത് ഓണച്ചന്തകൾ എന്നു മുതലാണ് ആരംഭിക്കുന്നത് ; വിശദമാക്കുമോ ; | എ) യും ബി) യും<br>ഓണക്കാലത്ത് ഉണ്ടായേക്കാവുന്ന വിലക്കയറ്റം തടയുക എന്ന ഉദ്ദേശത്തോടെ സപ്ലൈകോ പ്രത്യേക ഓണച്ചന്തകൾ സംഘടിപ്പിച്ചിട്ടുണ്ട്. ഇതനുസരിച്ച് ഓരോ നിയോജകമണ്ഡലത്തിലും ഒരു ഓണച്ചന്ത എന്ന കണക്കിൽ പ്രത്യേക ചന്തകൾ ഉണ്ടാകും. എല്ലാ കോർപ്പറേഷനുകളിലും ഓണം മെട്രോ പീപ്പിൾസ് ബസാറുകളും ജില്ലാ ആസ്ഥാനങ്ങളിൽ ടൗൺ പീപ്പിൾസ് ബസാറുകളും താലൂക്ക് തലത്തിൽ ഓണച്ചന്തകളും ഉണ്ടാകും. ഇതിനുപുറമെ സപ്ലൈകോയുടെ വിൽപ്പനശാലകൾ മിനി ഓണം ഫെയറുകളായി പ്രവർത്തിക്കുന്നതാണ്. ഇത്തരം ചന്തകളിലൂടെയും സ്ഥിരം വിൽപ്പനശാലകളിലൂടെയും അവശ്യസാധനങ്ങളും പച്ചക്കറികളും കുറഞ്ഞ വിലയിൽ വിപണിയിൽ എത്തിക്കും. ഇത്തരം ഓണച്ചന്തകൾക്ക് പുറമെ ഈ ഓണത്തിന് സഞ്ചരിക്കുന്ന ഓണച്ചന്തകളും തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ ആരംഭിക്കുന്നതിനുള്ള നടപടി എടുത്തിട്ടുണ്ട്. ഈ വർഷത്തെ ഓണം ബസാറുകൾ 10.7.2012 മുതൽ ആരംഭിച്ചു കഴിഞ്ഞു. ഓണം ടൗൺ പീപ്പിൾസ് ബസാറുകൾ 16.7.12 മുതലും ഓണം മാർക്കറ്റുകൾ 24.8.12 മുതലുമാണ് ആരംഭിക്കുക. പതിവിന് വിപരീതമായി ഇക്കൊല്ലം പ്രധാനപ്പെട്ട ഓണച്ചന്തകൾ 15 ദിവസത്തിന് പകരം 50 ദിവസത്തോളം പ്രവർത്തിക്കുന്നതാണ്. ഇതിനു പുറമേ കാർഡുടമകൾക്ക് കൂടിയ അളവിൽ നിത്യോപയോഗസാധനങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടിയെടുത്തിട്ടുണ്ട്. |
| സി) സപ്ലൈകോയ്ക്ക് ഇതിനുള്ള സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ? | സി) ഓണക്കാലത്തെ വിപണിയിടപെടലിനായി നിലവിലുള്ള ബഡ്ജറ്റ് വിഹിതത്തിൽ നിന്നും 45 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ